# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3791

21.06.2018-ൽ മറുപടിയ്ക്ക്

## വ്യവസായ ശാലകളിലെ മലിനീകരണ തോത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ. രാജൻ<br>ശ്രീ.വി.ആർ. സുനിൽ കുമാർ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പമന്ത്രി) |
| എ) വ്യവസായ ശാലകളിൽ നിന്നുള്ള മലിനീകരണത്തിന്റെ കാഠിന്യവും തോതും അനുസരിച്ച് വ്യവസായ സ്ഥാപനങ്ങളെ തരംതിരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) ഉണ്ട്. ജല, വായു മലിനീകരണ സാധ്യത, ഹസാർഡസ് വേസ്റ്റ് കൈകാര്യം ചെയ്യൽ എന്നിവയുടെ അടിസ്ഥാനത്തിൽ മലിനീകരണത്തിന്റെ തോത് കണക്കിലെടുത്താണ് വ്യവസായ സ്ഥാപനങ്ങളെ തരംതിരിച്ചിട്ടുള്ളത്. |
| ബി) മലിനീകരണ സാധ്യതയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വ്യവസായങ്ങൾ ഏതേത് വിഭാഗത്തിലാണ് വരുന്നതെന്ന് വ്യക്തമാക്കുമോ;<br><br>സി) സംസ്ഥാനത്തെ 72 വ്യവസായ ശാലകൾ കൂടി മലിനീകരണ സാധ്യതയുടെ അടിസ്ഥാനത്തിൽ മലിനീകരണനിയന്ത്രണ ബോർഡിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) യും സി) യും മലിനീകരണ സാധ്യതയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വ്യവസായങ്ങൾ/മറ്റ് എസ്റ്റാബ്ലിഷ്മെന്റുകൾ എന്നിവയെ റെഡ്, ഓറഞ്ച്, ഗ്രീൻ, വൈറ്റ് എന്നിങ്ങനെ വിവിധ വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു. ഏറ്റവും മലിനീകരണ സാധ്യത കൂടുതലായുള്ളവ റെഡ്, ഇടത്തരം മലിനീകരണ സാധ്യതയുള്ളവ ഓറഞ്ച്, മലിനീകരണ സാധ്യത കുറഞ്ഞവ ഗ്രീൻ, മലിനീകരണ സാധ്യത വളരെ കുറഞ്ഞവ വൈറ്റ് എന്നിങ്ങനെയാണ് തരംതിരിച്ചിരിക്കുന്നത്.<br>കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് മേൽപ്പറഞ്ഞ റെഡ് (60 തരം സ്ഥാപനങ്ങൾ), ഓറഞ്ച് (83 തരം സ്ഥാപനങ്ങൾ), ഗ്രീൻ (63 തരം സ്ഥാപനങ്ങൾ), വൈറ്റ് (36 തരം സ്ഥാപനങ്ങൾ) ക്യാറ്റഗറികളിൽ തരം തിരിച്ച വ്യവസായ/മറ്റ് സ്ഥാപനങ്ങളുടെ പട്ടിക കൂടാതെ 17.03.2017 തീയതികളിലെ PCB/T4/115/97 നമ്പർ സർക്കുലർ പ്രകാരം 72 തരം സ്ഥാപനങ്ങളെയും, 5.10.2017 തീയതിയിലെ PCB/T4/115/97 നമ്പർ സർക്കുലർ |

...2

പ്രകാരം 2 തരം സ്ഥാപനങ്ങളെയും, 27.3.2018 തീയ്തിയിലെ PCB/T4/115/97 നമ്പർ സർക്കുലർ പ്രകാരം 6 തരം സ്ഥാപനങ്ങളെയും, 2.5.2018 തീയതിയിലെ PCB/T4/115/97 നമ്പർ സർക്കുലർ പ്രകാരം 9 തരം സ്ഥാപനങ്ങളെയും കൂടി മലിനീകരണ സാധ്യതയുടെ അടിസ്ഥാനത്തിൽ തരംതിരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | വ്യവസായ ശാലകൾ തുടങ്ങുന്നതിന് മുൻപ് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്ന് എന്തെല്ലാം അനുമതികളാണ് ലഭ്യമാക്കേണ്ടതെന്ന് അറിയിക്കുമോ; | ഡി) | വ്യവസായ ശാലകൾ തുടങ്ങുന്നതിന് മുൻപ് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ജല, വായു, പരിസ്ഥിതി നിയമങ്ങൾ പ്രകാരം ബാധകമായുള്ള സ്ഥാപനാനുമതി കരസ്ഥമാക്കണം. ബോർഡിൽ നിന്നും ലഭിക്കേണ്ട വിവിധ നിയമങ്ങൾ, ചട്ടങ്ങൾ പ്രകാരമുള്ള അനുമതികൾ എന്നിവ, സ്ഥാപനങ്ങളുടെ സൗകര്യാർത്ഥം ഏകീകരിച്ച് ഏകീകൃത അനുമതിയായാണ് നല്കി വരുന്നത്. |
| ഇ) | ആയതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | ഇ) | വ്യവസായങ്ങൾ /മറ്റ് മലിനീകരണ സാധ്യതയുള്ള സ്ഥാപനങ്ങൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് പൊതുവായ ദൂരപരിധി മാനദണ്ഡങ്ങൾ 9.8.2004 തീയതിയിലെ സർക്കുലർ പ്രകാരം ബോർഡിൽ നിന്നും നിഷ്കർഷിച്ചു വരുന്നു. ഇതു കൂടാതെ ചില പ്രത്യേകതരം വ്യവസായങ്ങൾക്ക് (സ്റ്റോൺ ക്രഷർ, പിഗ് ഫാം, ലാറ്ററൈറ്റ് ക്വാറി, പ്ലൈവുഡ് സാമിൽ ഹോട്ട് മിക്സ് പ്ലാന്റ് മുതലായവ) പ്രത്യേക ദൂര പരിധി നിഷ്കർഷിക്കാറുണ്ട്. സ്ഥാപനാനുമതി നൽകുമ്പോൾ ദൂര പരിധി മാനദണ്ഡം പാലിക്കാറുണ്ടോ എന്ന് പരിശോധിക്കുന്നു. വ്യവസായ സ്ഥാപനങ്ങളിൽ നിന്നുമുണ്ടാകാവുന്ന ജല, വായു, മണ്ണ് മലിനീകരണ സാധ്യതകൾ കണക്കിലെടുത്ത് ആവശ്യമായ മലിനീകരണ നിയന്ത്രണ ഉപാധികൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ അപേക്ഷയോടൊപ്പം സമർപ്പിക്കുന്നത് പരിശോധിച്ച് ആവശ്യമെങ്കിൽ അധിക സംവിധാനം നിഷ്കർഷിക്കാറുണ്ട്. അപേക്ഷയോടൊപ്പം സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ഫീസും സമർപ്പിക്കേണ്ടതാണ്. നിലവിൽ ബോർഡ് ഓൺലൈനായി അനുമതി പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ